# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1195 — 31.10.2019 ൽ മറുപടിക്ക്**

## കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേ

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേ ഏത് വഴിയാണ് കടന്നുപോകുന്നത്; ഓരോ നിയോജകമണ്ഡലത്തിലൂടെയും എത്ര കിലോമീറ്റർ നീളത്തിലാണ് കടന്നുപോകുന്നതെന്ന് അറിയിക്കുമോ; | (എ) കണ്ണൂർ ജില്ലയിൽ തീരദേശ ഹൈവേ "മാഹി പാലം - മുഴപ്പിലങ്ങാട് - മുഴപ്പിലങ്ങാട് ബീച്ച് - എടക്കാട്- കുറുവ — പ്രഭാത് ജംഗ്ഷൻ - പയ്യാമ്പലം - നീർക്കടവ് ചാൽ - അഴീക്കൽ - മാട്ടൂൽ സൗത്ത് - പുതുവളപ്പ് - പാലക്കോട് - രണ്ട് തെങ്ങ് - വലിയപറമ്പ് ബീച്ച്" വഴിയാണ് കടന്നു പോകുന്നത്.<br>തലശ്ശേരി - 12.70 കി.മീ<br>ധർമ്മടം - 10.20 കി.മീ<br>കണ്ണൂർ - 9.10 കി.മീ<br>അഴീക്കോട് - 10.90 കി.മീ<br>കല്യാശ്ശേരി - 10.775 കി.മീ<br>പയ്യന്നൂർ - 24.967 കി.മീ<br>**ആകെ - 78.642 കി.മീ** |
| (ബി) ഇതിന്റെ ഭാഗമായി. എത്ര പാലങ്ങളാണ് പണിയുന്നതെന്നും അവ എവിടെയെല്ലാമാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കുമോ; | (ബി) 5 പാലങ്ങൾ<br>1.അയ്യാരകത്ത് പാലം- ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി<br>2. നീർക്കടവ് പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി<br>3. മാട്ടൂൽ സൗത്ത് പാലം - ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചു<br>4 ഓലീക്കൽ പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി<br>5. നീരോഴുക്കുംചാൽ - ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി |
| (സി) കണ്ണൂർ ജില്ലയിൽ വരുന്ന ഏതെങ്കിലും റീച്ചിന്റെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; അതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; | (സി) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ബീച്ച് മുതൽ അഴീക്കൽ വരെയുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേയിൽ 8 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായവ ഉൾപ്പെടുത്തി ഡി.പി.ആർ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിരുന്നുവെങ്കിലും റോഡിന്റെ വീതി 14 മീറ്റർ ആക്കിയതിനാൽ ഭരണാനുമതി ലഭ്യമായിട്ടില്ല. |
| (ഡി) | ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (ഡി) | കിഫ്ബിയും പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗവുമാണ് ഡി.പി.ആർ തയ്യാറാക്കുന്നത്. |
| (ഇ) | ഓരോ റീച്ചിനും ഭരണാനുമതി നൽകാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കുമോ? | (ഇ) | ഉണ്ട്. റോഡിന്റെ വീതി 14 മീറ്റർ ആക്കി വർദ്ധിപ്പിച്ച പുതിയ അലൈൻമെന്റ് പ്രകാരം സർവ്വെ ചെയ്ത് മുഴപ്പിലങ്ങാട് ബീച്ച് മുതൽ എടക്കാട് വരെയുള്ള 3.6 കി.മീ റോഡിന്റെയും പാലക്കോട് മുതൽ മിൽ റോഡ് വരെയുള്ള 6 കി.മീ റോഡിന്റെയും ഡി.പി.ആർ കിഫ്ബി തയ്യാറാക്കി വരികയാണ്. ബാക്കിയുള്ള ഭാഗം കിഫ്ബി ഡ്രോൺ സർവ്വേ നടത്തി സെന്റർ ലൈൻ മാർക്ക് ചെയ്തതിനു ശേഷം ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**